**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3257** **08-10-2025 - ൽ മറുപടിയ്ക്ക്**

**തൊടുപുഴ നെയ്യശ്ശേരി-തോക്കുമ്പൻസാഡിൽ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൊടുപുഴ മണ്ഡലത്തിലെ നെയ്യശ്ശേരി-തോക്കുമ്പൻസാഡിൽ റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | തൊടുപുഴ നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന 29.196 കി.മീ. നീളമുള്ള ഈ റോഡ് നവീകരണ പ്രോജക്റ്റിൽ കരിമണ്ണൂർ-തൊമ്മൻകുത്ത് റോഡ് (9.746 കി.മീ.) തൊമ്മൻകത്ത്-നാരങ്ങാനം-മുണ്ടൻമുടി റോഡ് (4.192 കി.മീ), വണ്ണപ്പുറം-പട്ടയക്കുടി റോഡ് (15.320 കി.മീ.) എന്നീ 3 റോഡുകളാണ് ഉൾപ്പെട്ടു വരുന്നത്. നിലവിൽ 53.5 ശതമാനം നിർമ്മാണ പുരോഗതി കൈവരിച്ച പ്രസ്തുത റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി വിവരം ചുവടെ ചേർക്കുന്നു.<br><br>റോഡ് പ്രവർത്തിയിൽ 27.596 Km Sub Grade , 27.396 Km GSB, 25.776 Km WMM , 23.518 km DBM, 4.105 Km BC (out of 29.196 Km) പൂർത്തീകരിച്ചു.<br><br>കലുങ്കുകൾ - 52 nos. പൂർത്തീകരിച്ചു.<br><br>4.857 Km drain (out of 4.864 Km) പൂർത്തീകരിച്ചു.<br><br>Retaining Wall - 969 m പൂർത്തീകരിച്ചു.<br><br>3 മൈനർ ബ്രിഡ്ജുകൾ (out of 4 nos) പൂർത്തീകരിച്ചു |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ 30.12.2025 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കരിമണ്ണൂർ -തൊമ്മൻകുത്ത് റോഡിൽ കി.മീ. 6/800 ൽ നിലവിലുള്ള 5.0 മീറ്റർ വീതിയുള്ള തൊമ്മൻകുത്ത് പാലം 9 മീറ്റർ വീതിയിൽ പുനർ നിർമ്മിക്കുന്നതിനാണ് DPR ൽ വിഭാവനം ചെയ്തിരിക്കുന്നത്. നിലവിലുള്ള നിരപ്പിൽ നിന്നും ഉയർത്തി പാലം നിർമ്മിക്കുന്നതിനാൽ ഇരു വശങ്ങളിലും സമീപന പാതയ്ക്കായി സംരക്ഷണ ഭിത്തിയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഈ ഭാഗത്ത് റോഡ് വനഭൂമിയിലൂടെ കടന്ന് പോകുന്നതിനാൽ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | വീതി വർദ്ധിപ്പിച്ച് പാലം നിർമ്മിക്കുന്നതിനും താത്കാലിക പാത ക്രമീകരിക്കുന്നതിനും അനുമതി നൽകണമെന്ന് അഭ്യർഥിച്ചുകൊണ്ട് സമർപ്പിച്ച അപേക്ഷയിന്മേൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും 06.02.2025-ൽ In Principal Aporoval (Stage -1) ലഭ്യമായിട്ടുണ്ട്. Stage -2 അനുമതി ലഭിക്കുന്നതിനായി 1,21,295/- രൂപ (NPV) Net Present Value അടച്ചിട്ടുള്ളതിനാൽ ടി. അനുമതി ലഭിച്ചുകഴിഞ്ഞാൽ 4 മാസം കൊണ്ട് പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ